പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1894 **26-10-2026-ൽ മറുപടിയ്ക്ക്**

എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. സജി ചെറിയാൻ	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) എം.എൽ.എ. മാരുടെ ആസ്തി വികസന നിധി ഫണ്ട് വിനിയോഗിച്ച് സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഫർണിച്ചറുകൾ വാങ്ങി നൽകുന്നതിന് അനുമതിയുണ്ടോ;

മറുപടി: എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട 04/08/2018-ലെ സ.ഉ.(സാധാ) നം. 119/2018/ധന മാർഗ്ഗരേഖകൾ അനുബന്ധം -2, ഇനം-5 പ്രകാരം, ഫർണിച്ചറുകൾ, ഇലക്ട്രിക്ക് ഉപകരണങ്ങൾ, ഏതെങ്കിലും തരത്തിലുള്ള സ്റ്റോക്ക്, ഇൻവെന്ററി വാങ്ങൽ തുടങ്ങിയവ, ടി ഫണ്ടിനു കീഴിൽ അനുവദനീയമായ പ്രവർത്തിയല്ല.

(ബി) പുതിയതായി നിർമ്മാണം പൂർത്തീകരിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സമയബന്ധിതമായി ഫർണിച്ചറുകൾ ലഭ്യമാക്കാൻ വകുപ്പിന് കഴിയാതെ വരുന്നതിനാൽ സ്ഥാപനങ്ങളുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽ പെട്ടിട്ടില്ല.

(സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ആസ്തി വികസനഫണ്ട് വിനിയോഗിച്ച് പുതുതായി നിർമ്മാണം പൂർത്തീകരിച്ച സിവിൽ സർവ്വീസ് അക്കാദമി ഉപകേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കേണ്ട അടിയന്തിര സാഹചര്യത്തിൽ പ്രസ്തുത ഫണ്ട് വിനിയോഗിച്ച് ഫർണിച്ചർ വാങ്ങി നൽകുന്നതിന് ഭരണാനുമതി നൽകിയ ആലപ്പുഴ ജില്ലാ കളക്ടറുടെ നടപടിക്ക് സാധൂകരണം നൽകണമെന്ന അപേക്ഷയിന്മേൽ പ്രത്യേകാനുമതി നൽകുന്നത് പരിഗണനയിലുണ്ടോ;

മറുപടി: ആലപ്പുഴ ജില്ലാ കളക്ടറുടെ നടപടിക്ക് സാധൂകരണം നൽകണമെന്ന അപേക്ഷ 3673947/NCB2/124/2026/FIN നമ്പർ ഫയലിൽ പരിശോധനയിലാണ്

(ഡി) ആസ്തി വികസനഫണ്ട് മാർഗ്ഗരേഖയിൽ സർക്കാർ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഫർണിച്ചർ വാങ്ങി നൽകുന്നതിന് അനുമതി നൽകുന്നത് പരിഗണിക്കുമോ?

മറുപടി: ഓരോ നിയോജക മണ്ഡലത്തിലെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി മൂലധന സ്വഭാവമുള്ള ദീർഘകാലം നിലനിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കുകയെന്നതാണ് ആസ്തി

വികസന പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. ആയതിനാൽ, സർക്കാർ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഫർണിച്ചർ വാങ്ങി നൽകുന്നത് നിലവിൽ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ